# Desabhimani
# 21 August 2018
# Kochi ; Paravoor , Flood Calamity,



# തകർച്ചയുടെ ബാക്കിപത്രമായി പറവൂർ

**കൊച്ചി**

കുത്തിയൊഴുകിയെത്തിയ പെരിയാർ നോർത്ത് പറവൂരിൽ കൂടുതലൊന്നും അവശേഷിപ്പിച്ചിട്ടില്ല. വർഷങ്ങൾക്കുമുമ്പ് ഭൂകമ്പം തകർത്ത ഗുജറാത്തിനെ അനുസ്മരിപ്പിക്കുന്നു പറവൂരിന്റെ പല ഭാഗങ്ങളും. തകർന്നുതരിപ്പണമായ വീടുകളും കെട്ടിടങ്ങളും. ചളിപൊതിഞ്ഞ വാഹനങ്ങൾ മരങ്ങളിലും മറ്റും തടഞ്ഞുനിൽക്കുന്നു. കടപുഴകിവീണ കൂറ്റൻ വൃക്ഷങ്ങൾ. അങ്ങിങ്ങ് നായ്ക്കളുടെയും മറ്റു വളർത്തുമൃഗങ്ങളുടെയും ശവശരീരങ്ങൾ. വെള്ളം ഒഴുകിപ്പോകാതെ ഇപ്പോഴും കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ. അക്ഷരാർഥത്തിൽ ശവപ്പറമ്പാണ് വടക്കൻ പറവൂരിലെ ചേന്ദമംഗലം, മൂത്തകുന്നം, പുത്തൻവേലിക്കര എന്നിവിടങ്ങൾ.

മന്നത്തെ ബന്ധുവീട്ടിൽനിന്ന് ചേന്ദമംഗലം കരിമ്പാടം കാട്ടുങ്കൽ രാധാകൃഷ്ണനും മകൻ രതീഷും തിങ്കളാഴ്ച രാവിലെയാണ് വിട്ടിലെത്തിയത്. വെള്ളം വീട്ടിനുള്ളിൽ കയറിത്തുടങ്ങിയപ്പോഴാണ് ഈ കുടുംബം അവശ്യരേഖകൾമാത്രമെടുത്ത് വീടുപൂട്ടിയിറങ്ങിയത്. ഞായറാഴ്ച വാതിൽതുറന്ന് ഉള്ളിൽക്കയറിയ രതീഷ് പുറത്തിറങ്ങി അച്ഛനെ മാറ്റിനിർത്തി കാര്യങ്ങൾ പറഞ്ഞുബോധ്യപ്പെടുത്തിയശേഷമാണ് വീട്ടിൽ കയറിയത്. വീട്ടിനുള്ളിൽ ടിവിയും ഫ്രിഡ്ജും മിക്സിയും ഫർണിച്ചറുമെല്ലാം തകർന്നു ചളിമൂടി. വാതിലുകൾ തകർന്നു. പറവൂരിലെ ആയിരക്കണക്കിനു വീടുകളുടെ അവസ്ഥ ഇതിലും പരിതാപകരമാണ്.

മൂത്തകുന്നത്തെ മടപ്ലാത്തുരുത്ത് മൂലൻവീട് ടോമിയുടെ പണിപൂർത്തിയായ ഇരുനിലവീട് പൂർണമായും തകർന്നു. മാല്യങ്കര-മുത്തകുന്നം റോഡിനുവശത്തെ ഭൂരിഭാഗം വീടുകളുടെയും മതിലുകൾ തകർന്നു. പാലിയം പ്രദേശത്ത് വെള്ളം ഇനിയും ഇറങ്ങിയിട്ടില്ല. നുറുകണക്കിനു പശുക്കളും മറ്റു വളർത്തുമൃഗങ്ങളുമാണ് ഇവിടെ ചത്തത്. 16 പശുക്കളെ നഷ്ടപ്പെട്ട കുടുംബവും ഇവിടെയുണ്ട്. നൂറുകണക്കിനു ഇരുചക്രവാഹനങ്ങൾ ഒഴുകിപ്പോയി. നിരവധി കാറുകളും മറ്റു വാഹനങ്ങളും ചളിമൂടി കിടക്കുന്നു. പണവും സ്വർണവും വിലപ്പെട്ട രേഖകളും നശിച്ചവർ നിരവധി. ഉൾപ്രദേശങ്ങളിൽനിന്നും ഇടറോഡുകളിൽനിന്നും ഇനിയും വെള്ളമിറങ്ങിയിട്ടില്ല. ഉൾപ്രദേശങ്ങൾ ഇപ്പോഴും

ണ്. സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും ബാങ്കുകൾക്കും എടിഎമ്മുകൾക്കുമടക്കും വൻനാശം സംഭവിച്ചിട്ടുണ്ട്. ചേന്ദമംഗലം പഞ്ചായത്തിൽ പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, വില്ലേജ് ഓഫീസ്, ചേന്ദമംഗലം സഹകരണബാങ്ക്നമ്പർ 132, യൂണിയൻ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് എന്നിവ പൂർണമായും തകർന്നു. വീടിന്റെ ആധാരങ്ങളും പണവും വിലപ്പെട്ട രേഖകളും അടക്കം നശിച്ചവയിൽ ഉൾപ്പെടുന്നു. തിങ്കളാഴ്ച വെള്ളമിറങ്ങിത്തുടങ്ങിയതോടെ ദുരിതാശ്വാസക്യാമ്പുകളിൽനിന്ന് വീടുകളിലേക്കുള്ള പ്രവാഹമായിരുന്നു ചേന്ദമംഗലത്തും മൂത്തകുന്നത്തും. വെള്ളം പൂർണമായി ഇറങ്ങിയ വീടുകൾക്കുള്ളിൽ കയറി നിലവിളിയോ